# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *21

28/06/2016-ൽ മറുപടിക്ക്

**പകർച്ചവ്യാധികളും മഴക്കാലപൂർവ്വ ശുചീകരണ പ്രർത്തനങ്ങളും**

ചോദ്യം

ശ്രീ.കെ.ഡി. പ്രസേനൻ
,, പുരുഷൻ കടലുണ്ടി
,, കെ.കുഞ്ഞിരാമൻ
,, വി. അബ്ദുറഹിമാൻ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പുമന്ത്രി)

| | | |
|---|---|---|
| എ) മുൻ വർഷങ്ങളിൽ സംസ്ഥാനത്ത് പകർച്ചവ്യാധികൾ വ്യാപകമായിരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) | പരിശോധിച്ചിട്ടു ണ്ട്.സംസ്ഥാനത്ത് വർഷങ്ങളായിപകർച്ചവ്യാധികൾ വ്യാപകമായി രുന്നു ഓരോ വർഷവും ജില്ലാ തലത്തി ൽ കാര്യകാരണ വിശകലനം നടത്തി തദ്ദേശീയമായി കണ്ടെത്തിയിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാനാ വശ്യമായ ഒരു പ്രവർത്തന രൂപരേഖ ജില്ലാ തലത്തിലും, സംസ്ഥാനതലത്തിലും വർഷാരംഭത്തി ൽ തന്നെ തയ്യാറാക്കി ഇതര വകുപ്പുകളുടെ സഹകരണത്തോടെ ഇത്തരം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്<br>**പകർച്ചവ്യാധികൾക്ക് കാരണങ്ങൾ പ്രധാനപ്പെട്ടവ**<br>1.കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനില യിൽ ഉണ്ടാകുന്ന വർദ്ധനവ്, ഇ ട വിട്ടുള്ള മഴ, പ്രകൃതിക്ഷോഭങ്ങൾ.<br>2. ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മകൾ<br>3. ശുദ്ധമായ കുടി വെള്ളത്തിന്റെ ദൗർലഭ്യം.<br>4. കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ.<br>5. ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യവും അവരുടെ താമസ സ്ഥലത്തെയും ജോലി സ്ഥലത്തെയും അനാരോഗ്യകരമായ |

| | | |
|---|---|---|
| | | ചുറ്റുപാടുകളും.<br>6. ഭക്ഷ്യ ശുചിത്വത്തിലെ അപര്യാപ്തതകൾ<br>7. ചില ജില്ലകളിൽ മാത്രം നിലനിൽക്കുന്ന പ്രത്യേക സാഹചര്യങ്ങൾ -<br>(എ) റബ്ബർ, പൈനാപ്പിൾ, കൊക്കോ, അ ടയ്ക്ക മുള തുടങ്ങിയപ്ലാന്റേഷനുകൾ, അവയുമായി ബന്ധപ്പെട്ട് കൊതുക് വളരാനിടയുള്ള സാഹചര്യങ്ങൾ.<br>(ബി) ആലപ്പുഴയിലെ കുട്ടനാട്ട് പോലെ സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന സ്ഥലങ്ങളിലു ണ്ടാകുന്ന കുടിവെള്ള, മാലിന്യ പ്രശ്നങ്ങൾ.<br>8. കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രത, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യാവസായികമായും അ ല്ലാതെയുമുള്ള ആവശ്യങ്ങൾക്ക് യാത്ര ചെയ്യു ന്ന വരുടെ എണ്ണത്തിലുള്ള വർദ്ധന. |
| ബി) പകർച്ചവ്യാധികൾ തടയുന്നതിനാവശ്യമായ എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; | ബി) | പകർച്ച വ്യാധി പ്രതിരോധത്തിനും, നിയന്ത്രണത്തിനും ജി ല്ല കളിലെ പ്രത്യേകതകളും ആവശ്യങ്ങളും ഉൾക്കൊള്ളിച്ച് ഒരു വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി സമയ ബന്ധിതമായി നടപ്പിലാക്കു ന്നു. മഴക്കാലം വരു ന്ന തിന് മുൻപേത ന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളേയും ശുചിത്വമിഷനേയും, ഇതര വകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് മഴക്കാല പൂർവ്വ ശുചീകരണവും രോഗപ്രതിരോധ നിയന്ത്രണ ബോധവത്കരണ ക്യാമ്പെയിനുകളും നടപ്പിലാക്കി വരുന്നു ഇതുവഴി രോഗം പകരാനുള്ള സാഹചര്യങ്ങൾ കുറയ്ക്കു ന്ന തിന് ഒരു പരിധിവരെ സാധിക്കു ന്നു. ഇതോടൊപ്പം രോഗ നിരീക്ഷണം, കൊതുകു നിരീക്ഷണം എ ന്നിവ കാര്യക്ഷമമാക്കു ന്ന തു വഴി പകർച്ച വ്യാധികൾ ഉണ്ടാകുന്നത് നേരത്തേ ത ന്നെ കണ്ടു പിടിക്കാനും നിയന്ത്രിക്കാനും സാധിക്കു ന്നു. കൂടാതെ ആശുപ ത്രികളി ൽ ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റു ഉദ്യോഗസ്ഥരുടെയും, മരു ന്നിന്റെയും, രോഗ നിയന്ത്രണത്തിനുള്ള സാധന സാമ ഗ്രികളുടെ ലഭ്യതയും ഉറപ്പു വരുത്തിയിട്ടു ണ്ട്. പ്രൈവറ്റ് |

| | | |
|---|---|---|
| | | ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് പ്രധാന പകർച്ച വ്യാധികളെ സംബന്ധിച്ച ചികിത്സാ മാർഗ്ഗരേഖകളും ലഭ്യമാക്കിയിട്ടുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ ദ്രുതകർമ്മസേന രൂപീകരിച്ച് ആവശ്യമായ ഗൃഹസന്ദർശനം, മെഡിക്കൽ ക്യാമ്പ് മൊബൈൽ ക്ലീനിക്ക് എന്നിവ നടത്തി രോഗം എത്രയും പെട്ടെന്ന് കണ്ടെത്തി വേണ്ട ചികിത്സ നൽകുകയും, രോഗപ്പകർച്ച തടയുന്നതിനുള്ള കൊതുകു നശീകരണ പ്രവർത്തനങ്ങളും (ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശീനി തളിക്കുക (ഐ.എസ്.എസ്), വീടിന് പുറത്ത് അന്തരീക്ഷത്തിൽ കീടനാശിനി തളിക്കുക (ഫോഗിംഗ്), ജല ശുദ്ധി ഉറപ്പു വരുത്തുവാനായി ക്ലോറിനേഷൻ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, വയറിളക്ക രോഗത്തിന്റെ പാനിയ ചികിത്സയ്ക്ക് ആവശ്യമായ ഓ.ആർ. എ.സിന്റെ ലഭ്യത എന്നിവയും ഉറപ്പാക്കിയിട്ടുണ്ട്. എലിപ്പനി പ്രതിരോധിക്കാനായി ഓടകൾ, കുളങ്ങൾ വൃത്തിയാക്കുന്നവർക്കും, കൃഷിപ്പണി ചെയ്യുന്നവർക്കും, തൊഴിലുറപ്പു ജോലികളിൽ ഏർപ്പെടുന്നവർക്കും ഡോക്സിവൈക്ലിൻ പ്രതിരോധ ഗുളികയും നൽകുന്നുണ്ട് |
| സി) സംസ്ഥാനത്ത് മഴക്കാലപൂർവ്വ ശുചീകരണ പ്രർത്തനങ്ങൾകാര്യക്ഷമമായി നടപ്പാക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | | മഴക്കാല പൂർവ്വശുചീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് അതനുസരിച്ച് ജില്ലകളിൽ പ്രവർത്തനം നടത്താൻ നിർദ്ദേശിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും, ശുചിത്വമിഷനും, ആരോഗ്യ വകുപ്പും സംയുക്തമായി ശുചീകരണ, കൊതുകു നശീകരണ ഉറവിട ക്യാമ്പെയിനുകൾ നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശങ്ങളും ജില്ലകൾക്ക് നൽകി.. ഇത് സംബന്ധിച്ച് വീഡിയോകോൺഫറൻസ്, സംസ്ഥാന, ജില്ലാതല ശില്പശാലകൾ, പഞ്ചായത്ത്തല, വാർഡ്തല പ്രവർത്തനങ്ങൾ |

| | | |
|---|---|---|
| | | തുടങ്ങിയവ നടത്തിയിരുന്നു വാർഡ് തല സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ സർവ്വേ, ശുചി ത്വ, മാപ്പിംഗ് തുടങ്ങിയവയും, വീടുകളിലും, സ്ഥാപനങ്ങളിലും, പൊതു സ്ഥലങ്ങളിലും മറ്റും ശുചീകരണം പ്രവർത്തനങ്ങൾ നടത്തുകയു ണ്ടായി. മെയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗ തീരുമാനമനുസരിച്ച് ജൂൺ 1 മുതൽ 5 വരെ ശുചീകരണവാരമായി ആചരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ തോട്ടങ്ങൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയവയിൽ ശുചീകരണവും, കൊതുകിന്റെ ഉറവിട നശീകരണവും നടത്തിയിരുന്നു. ജൂൺ 5-ന് ലോക പരിസ്ഥിതി ദിനത്തിൽ സംസ്ഥാനത്തൊട്ടാകെ വിപുലമായ രീതിയിൽ ജന പങ്കാളിത്തത്തോടെ ശുചീകരണം നടത്തിയിരുന്നു |
| ഡി) ഇതു സംബന്ധിച്ച് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | മെയ് 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ആരോഗ്യ മന്ത്രിയുടെയും ഇതര മന്ത്രിമാരുടേയും സാന്നിദ്ധ്യത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനങ്ങൾ എടുത്തിരുന്നു.. ഇതനുസരിച്ച് മെയ് 30-ന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാരുടേയും, ജില്ലാ മെഡിക്കൽ ആഫീസർമാരുടേയും വീഡിയോ കോൺഫറൻസ് |

| | | |
|---|---|---|
| | | നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജൂൺ 1 മുത ൽ 5 വരെ ശുചീകരണ വാരമായി ആചരിച്ച് മഴക്കാല പൂർവ്വ ശുചീകരണം കാര്യക്ഷമമാക്കുവാൻ ജില്ലക ൾക്ക് നിർദ്ദേശം നൽകുകയു ണ്ടായി.. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തി ൽ സംസ്ഥാനമൊട്ടാകെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയു ണ്ടായി. മെയ് 29 മുത ൽ 31 വരെ ജില്ലയുടെ ചുമതലയേൽപ്പിച്ചിട്ടുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജി ല്ല കളി ൽ യോഗം ക്കി സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് നിർദ്ദേശം നൽകുകയുമു ണ്ടായി. മെയ് മാസത്തെ സീനിയർ മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും, ജൂണിലെ ജില്ലാ/ ബ്ലോക്ക് തല മെഡിക്കൽ ഓഫീസർമാരുടെ യോഗത്തിലും മഴക്കാല പൂർവ്വ ശുചീകരണം ഉൾപ്പെടെയുള്ള പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തി. ഓരോ ജി ല്ല കളിലും ജില്ലാ മെഡിക്കൽ ഓഫീസി ൽ കൺട്രോൾ റൂം തുറക്കുകയു ണ്ടായി.ഇത് കളക്ടറേറ്റിലെ കൺട്രോൾ റൂമുമായി യോജിച്ച് പ്രവർത്തിക്കു ന്ന താണ്. ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും പൊതുജനാരോഗ്യ ടീമംഗങ്ങൾ ദിവസേന രോഗ വിവരങ്ങളെക്കുറിച്ചും നിയന്ത്രണ പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ താഴെത്തട്ടിലേക്ക് യഥാ സമയംനൽകി വരു ന്നുണ്ട്. കൂടാതെ ജില്ലയുടെ ചുമതലയേൽപ്പിച്ചിട്ടുള്ള മന്ത്രിമാരും എം.എ ൽ.എ. മാരും യോഗം വിളിച്ചുകൂട്ടി പ്രവർത്തനങ്ങൾ പ്രത്യേകം വിലയിരുത്തി വരു ന്നു. |
| ഇ) ശുചീകരണ | | ഏപ്രി ൽ മാസം ചീഫ് സെക്രട്ടറിയുടെ |

| | | |
|---|---|---|
| പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കുമായി വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | | നേതൃത്വത്തിൽ വിവിധ വകുപ്പു സെക്രട്ടറിമാരുടേയും, ഡയറക്ടർമാരുടെയും യോഗം വിളിച്ചുകൂട്ടി വകുപ്പുകൾ ഏകോപിച്ചുള്ള പ്രവർത്തനം വിലയിരുത്തി. മെയ്-27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിലും വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തിലും ഏകോപനത്തിനും ഉള്ള നിർദ്ദേശങ്ങൾ നൽകി. മെയ് 29,30,31 തീയതികളിൽ ജില്ലയുടെ ചുമതലവഹിക്കുന്ന മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാ കളക്ടർമാർ, വിവിധ വകുപ്പുദ്യോഗസ്ഥരുടെ യോഗം വിളിച്ചു കൂട്ടി ഓരോ വകുപ്പിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു .ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള പബ്ലിക് ഹെൽത്ത് ടീം, ഓരോ ജില്ലയിലുള്ള പകർച്ചവ്യാധി സ്ഥിതിയും നടന്നു വരുന്ന പ്രവർത്തനങ്ങളും വിലയിരുത്തി, ജില്ലയിലേയ്ക്കു വേണ്ട നിർദ്ദേശങ്ങൾ നിത്യേന നൽകിവരുന്നു . സർക്കാർ തലത്തിൽ ബഹു. ആരോഗ്യ മന്ത്രിയും, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഇക്കാര്യങ്ങൾ |

| | | |
|---|---|---|
| | | നിത്യേന വിലയിരുത്തി പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. 22/06/2016 ന് മെഡിക്കൽ കോളേജിലെ വിദഗ്ധർ അടങ്ങുന്ന ദ്രുതകർമ്മ സേന സംസ്ഥാനത്തെ നിലവിലെ പകർച്ച വ്യാധി സ്ഥിതിഗതികളും നിയന്ത്രണ പ്രവർത്തനങ്ങളും വിലയിരുത്തുക യുണ്ടായി. അവരുടെ നിർദ്ദേശങ്ങളും കൂടി കണക്കിലെടുത്തു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ